**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

13.6.2013 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1082.

**ട്രെയിനിംഗ് പാർട്ട്ണർ സ്കീം.**

**ചോദ്യം**

**മറുപടി**

ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ.എം.എ.വാഹീദ് :
ശ്രീ. വി.റ്റി.ബൽറാം :
ശ്രീ.ഹൈബി ഈഡൻ :

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായി സംസ്ഥാനത്ത് ട്രെയിനിംഗ് പാർട്ട്നർ സ്കീമിന് തുടക്കം കുറിച്ചിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ | ബി) | അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ( ASAP) ഭാഗമായി കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിലും ഐ.ടി.യിലും സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നുണ്ട്. ഇതിന് ഏതെങ്കിലും വിഷയത്തിൽ ബിരുദവും ഇംഗ്ലീഷ് കമ്മ്യൂണിക്കേഷനിലുള്ള പ്രാഗത്ഭ്യവും ഉള്ളവരിൽ നിന്ന് സ്കിൽ ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളെ(SDE)പരിശീലകരായി തിരഞ്ഞെടുക്കുന്നു. ആദ്യവർഷം സംസ്ഥാനത്ത് 180 സ്ഥാപനങ്ങളിൽ ആണ് ( ASAP) ക്ലാസ്സുകൾ ആരംഭിക്കാൻ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ഇത്രയും സ്ഥാപനങ്ങളിൽ, പ്രത്യേകിച്ച്, ഗ്രാമീണ മേഖലയിൽ ക്ലാസ്സെടുക്കുന്നതിനുള്ള പ്രാഗത്ഭ്യമുള്ള എസ്.ഡി.ഇ.മാരെ നേരിട്ടുള്ള തിരഞ്ഞെടുപ്പിലൂടെ കണ്ടെത്താനായില്ല. ഈ സന്ദർഭത്തിൽ കേരളത്തിലെ നാല് യൂണിവേഴ്സിറ്റികളിലും അവയുടെ കീഴിലുള്ള 190 ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലുമായി പഠിക്കുന്ന ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികളിലെ അവസാന |

| | | | |
|---|---|---|---|
| | | | വർഷക്കാരിൽ നിന്നും എസ്.ഡി.ഇ.മാരായി പ്രവർത്തിക്കാൻ താൽപ്പര്യമുള്ളവരെ കണ്ടെത്താൻ Thousand Splendid Stars എന്ന പേരിൽ ക്യാമ്പസ് റിക്രൂട്ട്മെന്റ് ഡ്രൈവ് നടത്തി. ഇതിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 5000 പേർക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിലും IT യിലും 21 ദിവസത്തെ റസിഡൻഷ്യൽ പരിശീലനം നൽകിയശേഷം അവരിൽ നിന്ന് മികവു തെളിയിക്കുന്നവരെ എസ്.ഡി.ഇ.മാരായി തെരഞ്ഞെടുക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനുള്ള പരിശീലനം സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലും ഐ.എച്ച്.ആർ.ഡി.സ്ഥാപനങ്ങളിലും ട്രെയിനിംഗ് പാർട്ട്ണർ സ്കീം എന്ന പേരിൽ നടപ്പാക്കി വരുന്നു. |
| സി | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ; | സി) | പരിശീലനം നൽകുവാൻ സന്നദ്ധത പ്രകടിപ്പിച്ച ഗവൺമെന്റ് / എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകൾ, ഐ.എച്ച്.ആർ.ഡി.യുടെ സ്ഥാപനങ്ങൾ ഇവയുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. |
| ഡി) | ഏതെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | ഡി) | സംസ്ഥാനത്തെ കോളേജുകളിലെ അവസാനവർഷ ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിലും ഐ.ടി.യിലും പരിശീലനം നൽകിയശേഷം ഇവരിൽ മികവു പ്രകടിപ്പിക്കുന്ന വിദ്യാർത്ഥികളെ ASAP -ന്റെ പരിശീലകരായി തിരഞ്ഞെടുക്കുന്നതിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ